## മുതലാളിത്തത്തിനെതിരെ ഒരു പ്രായോഗികബദൽ

### വി.കെ.കെ. രമേഷ്

അപ്പോൾ നിങ്ങൾ പറയുമായിരിക്കും, പലവിധ കസർത്തുകൾക്കിടക്ക് ജീവിക്കുന്നതിനിടക്ക് ജീവിക്കുന്നതിനെത്തന്നെയാണ് ജീവിതം എന്നു വിളിക്കുക എന്ന്. അതല്ലാതെ ജീവിതമെന്ന ഈ വെള്ളാനയെ നമുക്കെവിടെയും കാണാനാവില്ലെന്ന്. നിങ്ങൾ ഒരു തത്ത്വജ്ഞാനിതന്നെ, സമ്മതിച്ചു. പക്ഷെ വീട്ടിനകത്തിരുന്നുകൊണ്ടാണ് നിങ്ങളിത് പറയുന്നത്. കാറ്റും മഞ്ഞും മഴയുമേല്ക്കാതെ. തെരുവിൽനിന്നുകൊണ്ട് എനിക്ക് ഇതു പറയാനാവില്ല. ഈശ്വരാ (എന്നുപോലും വിളിച്ചുകൊണ്ട്)  എവിടെപ്പോയി എന്റെ ജീവിതം എന്ന് ഞാൻ വിലപിച്ചു.

കായൽതീരത്തെ ചുണ്ണാമ്പും കരിയും ചേർത്ത് എണ്ണകൂട്ടി കുഴച്ചതുപോലുള്ള മൺപുറത്ത് പൊടുങ്ങനെ മുളച്ചുപൊന്തിയ നഗരത്തിലാണ് ഞാൻ. ഇവിടെ എത്തിയതെങ്ങനെയെന്ന് ചോദിക്കരുതേ. പരാജയത്തിൽ അവസാനിച്ച പലവിധ പണികളിൽ കുരുങ്ങി നശിച്ച്, നാനാവിധമായ ഒരു ജീവിതമെടുത്താണ് ഭൂതകാലം എനിക്കുമുന്നിൽ പിടിക്കുക. നാല്പത്തിയഞ്ചു വയസ്സുമാത്രമുള്ള എന്നെ നിങ്ങൾ കണ്ടില്ലേ, അറുപതു മതിക്കില്ലേ? നാലു പല്ലുകൾ കൊഴിഞ്ഞുപോയി. ബാക്കിയിലധികവും താമസിയാതെ കൊഴിയും. അതുകൊണ്ടാണ് മുഖമിങ്ങനെ അകത്തേക്കു വലിഞ്ഞിരിക്കുന്നത്. പാതി നരച്ച രോമങ്ങളിൽ വിലകുറഞ്ഞ കരി തേച്ചപ്പോൾ കൂട്ടത്തിൽ കറുത്തരോമങ്ങളും അപ്പാടെ നരച്ചു. കിഴവനെന്നു തോന്നിച്ചാൽ പണികിട്ടില്ലെന്ന് പേടിച്ചാണ് കരിതേച്ചത്. അതുചെയ്ത പണി കണ്ടില്ലേ? ഏതാണ്ട് ജീവിതം ചെയ്തത് ഈ പണിതന്നെയാണന്നേ. ദൈവം വെളുക്കാൻ തേച്ചപ്പോൾ ബാക്കിയായ പാണ്ഡനാവും ഒരുപക്ഷെ ഞാൻ. എത്ര നശിച്ചാലും നശിക്കാത്തതാണ് ഈ 'ഞാൻ' എന്ന ഭാവം. ജീവിതം ക്രൂരവും ഭ്രഷ്ടവുമായാൽ  'ഞാൻ' മെലിയുമെന്ന ധാരണ വേണ്ട. മറിച്ചാണ് സംഗതിയുടെ കിടപ്പ്. അതുകൊണ്ട് വേണമെങ്കിൽ കുട്ടപ്പൻ എന്ന പേരുപയോഗിച്ച് എനിക്ക് കഥപറയാമായിരുന്നു. പക്ഷെ, മേല്പറഞ്ഞ യുക്തി നിങ്ങളെ ബോദ്ധ്യപ്പെടുത്താൻ വേണ്ടിത്തന്നെയാണ് അധമനായ ഞാൻ ഉത്തമപുരുഷകഥനരീതി  അവലംബിക്കുന്നത്.

പെണ്ണുമ്പിള്ളക്കാണെങ്കിൽ എന്നും ദീനമാണ്. കാസവലിവും കഫക്കെട്ടും ഇസിനോഫീലിയയുമൊക്കെ ചേർന്ന ഒരു ജലമയജീവി. തെളിഞ്ഞുനില്ക്കുന്ന വാരിയെല്ലുകളിൽ ദാരിദ്ര്യത്തിന്റെ അനാട്ടമി സദാ പല്ലിളിക്കും. കൊച്ചുങ്ങൾ രണ്ടും സർക്കാർ സ്ക്കൂളിൽ എല്ലാവർക്കും വീതിച്ചുകൊടുക്കുന്ന ഫുൾ എ-പ്ലസ് വിജയത്തിനായി പഠിക്കാതെ കളിച്ചുനടക്കുന്നു. കോട്ടയത്താണ് അവർ. കേട്ടിട്ടില്ലേ, അക്ഷരനഗരിയിൽനിന്നാണ് ഞാൻ വരുന്നത്. അതുകൊണ്ട് മുഴുപ്പട്ടിണിയിലും ശുദ്ധമായ ഭാഷയാണ്.

കടവന്ത്രയിൽ കാലുകുത്തിയതുമുതൽ പണിക്ക് വിഷമിച്ചിട്ടില്ല. റോഡിലിറങ്ങി കൂട്ടംകൂടി നിന്നാൽ അന്നേരം വണ്ടിവന്ന് കയറ്റിക്കൊണ്ടുപോകാൻ ആളുവരും. എല്ലുമുറിയെ പണി ചെയ്താൽ പല്ലുമുറിയെ കൂലിയാണ്. കിടപ്പാടത്തിനാണ് വലിവ്. കുറെനാൾ ബംഗാൾ, ആസാം തുടങ്ങിയ വിദേശരാജ്യങ്ങളിലെ പ്രതിനിധികളോടൊപ്പം പലയിടങ്ങളിലും താമസിച്ചു. ആയിരത്തിയിരുനൂറു സ്ക്വയർഫീറ്റിനകത്ത് ആയിരത്തിയിരുനൂറു പ്രജകളെ കൊള്ളിക്കുന്ന കേരളാമോഡൽ കോൺസൺട്രേഷൻ ക്യാമ്പുകൾ. ഇരുപത്തിയഞ്ചാളുകൾ ഒരേസമയം അധോവായു ഉതിർത്താൽ ഗ്യാസ്ചേമ്പർ. ഇരുമ്പുസ്റ്റാന്റുകളിൽ അടുക്കടുക്കായി ഉറങ്ങുന്നവരുടെ ജനാധിപത്യം പുറംതള്ളുന്ന കാർബൺഡൈ ഓക്സൈഡിൽ പുലരുംവരെ പിടിച്ചുനില്ക്കാൻ കഴിയുന്ന മലയാളിക്ക് ഏത് സ്വകാര്യാശുപത്രിയുടെ വെന്റിലേറ്ററിനേയും പേടിക്കേണ്ടതില്ല.

ഇതിൽനിന്നും എപ്പോഴെങ്കിലുമൊരു വിടുതൽ വേണമെന്നു മോഹം തോന്നുമ്പോൾ കടവന്ത്രയിലെ കടവരാന്തയിൽ കിടന്നുറങ്ങിനോക്കി. കാർബൺഡൈ ഓക്സൈഡിനു പകരമായി വലിക്കാൻ കിട്ടിയത് അമോണിയ ആണെങ്കിലും പിടിച്ചുനില്ക്കാമായിരുന്നു. രാത്രിയിലെ കടത്തിണ്ണയെന്നത് കൊതുകുകളുടെ മെട്രോ റെയിൽവെയാണ്. ചാക്കോസൺസ് തുണിക്കടക്കുമുന്നിലാണ് ഉറങ്ങുന്നതെങ്കിൽ കമ്മത്തിന്റെ ഹോട്ടലിന് മുന്നിലാവും ഉണരുക. വലിയ കടകൾക്ക്

ഇരവുപകൽവ്യത്യാസമില്ലാതെ കാവലുണ്ടാകുന്നതുകൊണ്ട് കിടപ്പ് അതിനുമുമ്പിൽ പറ്റില്ല. ഉറക്കം ഞെട്ടിയുണരുന്ന രാത്രികളിൽ അവിടെയെത്തിയാൽ, പട്ടാളത്തിൽനിന്നും ജീവിതത്തിൽനിന്നുമൊക്കെ പിരിഞ്ഞുപോന്ന കാവൽക്കാരുടെ പക്കൽനിന്നും ഒരു ചുടുബീഡി കിട്ടിയെന്നുവരാം. കാർബൺഡൈ ഓക്സൈഡിലും അമോണിയയിലും മാറിമാറി വന്നുവീഴുന്ന ജീവനുള്ള ഒരു വലിയ കഷ്ണം ഇറച്ചിപോലെ എത്രകാലം തുടരാനൊക്കും? 'ദുരിതത്തിൽനിന്നെന്നെ കരകയറ്റീടണേ' എന്ന പ്രാർത്ഥനയുമായി പടച്ചവനുമുന്നിൽ, പള്ളിയെന്നോ അമ്പലമെന്നോ ഭേദമില്ലാതെ, എല്ലാ കല്ലറകളിൽ കയറിയിറങ്ങിയും ഞാൻ നിർലജ്ജം പ്രാർത്ഥിച്ചു. വിവിധരൂപിയായ പടച്ചവൻ പ്രാർത്ഥന കൈക്കൊണ്ട് പതിവായി എനിക്ക് 'എട്ടിന്റെ പണി' തന്നു.

ഇതിൽ മനംമടുത്തപ്പോഴാണ് സ്വന്തം നിലയിൽ തോമാസ്ചേട്ടനെ തപ്പിയെടുത്തത്. വിശുദ്ധതോമാശ്ലീഹ പ്രകാശവേഗത്തിൽ പറന്ന് കേരളത്തിലെത്തിയകാലത്ത് നേരെപ്പോയി പിടികൊടുത്തവന്റെ ചേലിലായിരുന്നു പേര്. എങ്കിലും, തിരുവോന്തരം തരികിടകളുമേന്തി കടവന്ത്രയിൽ എട്ടിന്റെ പണിക്കിറങ്ങിയ പരിശുദ്ധനായിരുന്നു അയാൾ.

മൂന്നാമതൊരാൾ വിദൂരതയിലിരുന്നുകൊണ്ട് പരിചയപ്പെടുത്തിയതിന്റെ ബലംവെച്ച് മുന്നിൽചെന്ന് നിന്നുകൊടുത്തു. അക്ഷരനഗരിയുടെ ഭാഷയിൽ കുശലമെറിഞ്ഞു.

"തോമാസുചേട്ടനോ, ഓ, എന്നാ ഒണ്ട്!"

അയാളൊന്ന് ഞെട്ടിയതായി തോന്നി.

"എടേയ്, നിനക്കെന്തര് വേണം?"

ഹൃദയമിടിപ്പ് ശാന്തമാക്കാൻ ശ്രമിച്ചുകൊണ്ട് രണ്ടുംകല്പിച്ച് പടച്ചവനോട് ഞാൻ പറഞ്ഞു.

"കേറിക്കിടക്കാനൊരിടം വേണം ചേട്ടാ."

"എടേയ്, ഞാനെന്തര് ബ്രോക്കറാ, നിന്റൂട് ആര് പറഞ്ഞ്?"

കാലുപിടിക്കുന്നതുപോലെ ഞാൻ ആ കൈകളിൽ കയറിപ്പിടിച്ചു.

"ഞാനായിട്ട് ചേട്ടന് ഒരു പ്രശ്നവും ഒണ്ടാക്കത്തില്ല," പരിശുദ്ധമായ ഞങ്ങളുടെ ഭാഷ കൈവിടാതെ ഞാൻ പറഞ്ഞു, "ചേട്ടൻ എവിടെ കിടക്കണമെന്നു പറയുന്നോ അവിടെ കിടക്കും. പോകാൻ പറയുമ്പം പോകേം ചെയ്യും. ഒള്ള കാശീന്ന് ചേട്ടൻ പറേന്ന വാടകയങ്ങോട്ടു കൈയ്യീ വെച്ചുതരും-എന്നാ പറയുന്നു?"

ചേട്ടനൊന്ന് തെളിഞ്ഞു.

"എടേ, ഞങ്ങള് തെക്കൻ തിരുവിതാംകൂറുകാര് ശത്രുക്കളെ അണ്ണനെന്നാണ് വിളിക്കണത്."

"ശരിണ്ണാ."

"എടേ നിന്റെ യേജന്റ് ആര്, കേക്കട്ട്, ജോർജാ, ബാവൂട്ടിയാ?"

"ജോർജൂട്ടിച്ചേട്ടനാ."

"എടേയ് നിന്റൂട് ഒരുകാര്യം പറയാനുണ്ട്. അതിനുമുമ്പ് ജോർജിനോട് ഒന്ന് ക്യേട്ട് നോക്കട്ട്-എന്തര്?"

എന്നെപ്പറ്റി മോശമായിട്ടെന്തെങ്കിലും പറയാൻ കാണില്ല ജോർജൂട്ടിച്ചേട്ടന്. ക്യാമ്പിൽനിന്ന് ഒരുടൽ കുറയുന്നത് അയാൾ നൂറുവട്ടം സ്വാഗതംചെയ്യും. കനിയേണ്ടത് അണ്ണനാണ്. താജിനുപിന്നിൽ ബോട്ട് ജട്ടിക്കടുത്തേക്ക് വൈകീട്ട് എത്താൻ അണ്ണൻ പറഞ്ഞു. പിരിയാൻനേരത്ത് കുരിശുമുത്തുന്നതുപോലെ അണ്ണന്റെ കൈയെടുത്തു പെരുമാറിയതിൽ അയാൾ സന്തുഷ്ടനായെന്നു തോന്നുന്നു. കാര്യം, തിരുവനന്തപുരത്തുകാരെ പിശാചിനേക്കാൾ പേടിക്കണമെന്നു പറയാറുണ്ടെങ്കിലും ഞങ്ങൾ മധ്യതിരുവിതാംകൂറുകാർ വിചാരിച്ചാൽ അവരെ വീഴ്ത്തിയിടാവുന്നതേയുള്ളൂ. റബ്ബറും അക്ഷരവും പോലെ വലിയുകയും ചുരുങ്ങുകയും ചെയ്യുന്ന സിന്തറ്റിക് ആയുധങ്ങൾ കൈകളിലേന്തി വിശ്വരൂപം കാണിക്കുന്നവരാണല്ലൊ ഞങ്ങൾ. കേരളരാഷ്ട്രീയത്തിൽ എത്ര ഭീഷ്മരെയും ശകുനികളേയും തിരുവനന്തപുരത്തുനിന്നും നിങ്ങൾക്ക് കാണിച്ചുതരാനുണ്ടാകും?

പറയണം സാറന്മാരേ.

പണികഴിഞ്ഞ് കൂലിയായി കിട്ടുന്ന 'ജോർജുകുട്ടി' വാങ്ങി കീശയിലിട്ട്, രംഗം കൊഴുപ്പിക്കാൻ ഒരു പൈന്റ് റമ്മും വാങ്ങി എളിയിൽ തിരുകി 'താജിന്' പിന്നിൽ എത്തി. പറഞ്ഞ സമയത്തിന് അണ്ണനെത്തി. കണ്ടില്ലേ, ഇന്ത്യൻ റെയിൽവേയേക്കാൾ മുന്തിയ ഇനമാണ് തിരുവനന്തപുരത്തുകാരൻ. എളിയിൽ വീർത്തുനില്ക്കുന്ന പൈന്റിന്റെ കാഴ്ചയിൽ അണ്ണൻ തെളിഞ്ഞു. ചുമലിൽപ്പിടിച്ച് കറക്കിയെടുത്ത് അണ്ണൻ പൊടുങ്ങനെ സൃഷ്ടിച്ച മറവിലേക്കു കയറ്റി. ഡിസ്പോസബിൾ ഗ്ലാസ്സുകളിൽ മിനറൽവാട്ടർ ചേർത്ത്, അച്ചാറു തൊട്ടുകൂട്ടി ഞങ്ങൾ സോത്സാഹം പൈന്റ് തീർത്തു. ശ്രീപത്മനാഭനെ നാലുകാലിൽ കിടത്തിയതിന്റെ വൈഭവം കൈമുതലായുള്ളവന്റെ കറകളഞ്ഞ ആത്മവിശ്വാസം പൈന്റ് എടുത്തുപുറത്തിട്ടു.

"എടേയ്, നീ വേലകളിറക്കുമോടെ?"

"ഇല്ലണ്ണാ."

"എങ്കീ എന്റെകൂടങ്ങ് കൂടിക്കോടേ," ചുകന്നചായമിട്ട് മൂപ്പിച്ച അച്ചാറെടുത്ത് നക്കിക്കൊണ്ട് വീര്യത്തോടെ അണ്ണൻ പറഞ്ഞു, "എന്തര് പറയണത്?"

ഞാൻ ശരിയെന്നു സന്തോഷം പങ്കുവെച്ചു, കൃതാർത്ഥതയും. അല്ലെങ്കിലും കഴിച്ചവന് കഴിച്ചതിന്റെ വീര്യംകിട്ടാൻ നല്ലത് വിപ്ലവത്തിന്റെ നിറമുള്ള അച്ചാറുകളാണ്. ഞങ്ങൾ മധ്യതിരുവിതാംകൂറുകാരായ ആജന്മകേരളകോൺഗ്രസ്സുകാർക്കുപോലും.

ഇരുട്ടുവീഴുന്നതോടെ വെളിച്ചക്കടലാകുന്ന കടലോരനഗരിയിലൂടെ ഞങ്ങൾ നടന്നു. ആദ്യം വാണിഭപ്പുരകൾക്കിടയിലൂടെയും, പിന്നെ വിലകൂടിയ വില്ലകൾ പതുങ്ങിയിരിക്കുന്ന അധോനിരത്തുകളുടെ വിജനതയിലൂടെയും.

"എടേയ്, ഈ വില്ലകൾ കെട്ടി താമസിക്കുന്നവനെ എന്തര് വിളിക്കാം?"

അണ്ണൻ ഒരു തമാശക്കുള്ള ചുവടുവെക്കുകയാണെന്ന് മനസ്സിലായില്ല. അതുകൊണ്ട് ഞാൻ കേരളത്തിന്റെ പൊതുസ്വത്തായ കമ്മ്യൂണിസത്തിന്റെ സ്വരത്തിൽ പറഞ്ഞു.

"ചൂഷകർ."

"എവനാരെടേയ്... എടേ, വില്ലകളിൽ താമസിക്കുന്നവൻ വില്ലൻ-എന്തര് പറയണത്."

ചിരിക്ക് ഭാഷാശുദ്ധി ആവശ്യപ്പെടുന്ന അക്ഷരനഗരിക്കാരനായതുകൊണ്ട് ഒരു നയത്തിനുപുറത്തേ എനിക്ക് ചിരിക്കാനൊക്കൂ. കാര്യം നേടാനായി ഞാനത് ചെയ്തു.

ഞങ്ങൾ രണ്ട് സംയോജിതവ്യക്തിത്വങ്ങളായി ഇരുട്ടിലൂടെ നടന്ന് വലിയൊരു വില്ലക്കുമുന്നിൽ എത്തി. പറമ്പിലും പോർട്ടിക്കോവിലുമായി രണ്ടുമൂന്നു വിളക്കുകൾ കത്തിയിരുന്നതൊഴിച്ചാൽ അത് പ്രായേണ ഇരുട്ടിലായിരുന്നു. ആൾതാമസം ഉള്ളതായി തോന്നിച്ചിരുന്നില്ല. കാവലിനും ആരുമില്ലായിരുന്നു. പടി പൂട്ടിക്കിടക്കുന്നു. അതിനിടയിലൂടെ നോക്കുമ്പോൾ കാടുപടർന്ന മുറ്റം കാണാം. അവിടെ മനുഷ്യന്റെ കാല്പെരുമാറ്റം സൃഷ്ടിച്ച ഒറ്റയടിപ്പാതപോലും കാണാനില്ല. ഏതോ വലിയവൻ പണികഴിച്ചിട്ടിരിക്കുന്നതായിരിക്കാം. അവനേതായാലും താമസിക്കുന്നില്ല. അന്യഗ്രഹത്തൊഴിലാളികൾക്ക് വാടകക്കുകൊടുക്കാനുള്ള വലുപ്പമല്ല അതിനുള്ളത്. ഇതിൽ വാടകക്ക് താമസിക്കാൻമാത്രം വില കൂടിയവനെ കിട്ടാൻ ബോളിവുഡിൽ പോകേണ്ടിവരും.

"എടേയ്, നീയീ വില്ലകള് കണ്ടാ, ഇതിൽ താമസിക്കാൻ നിനക്ക് വിഷമങ്ങള് കാണുമോടേയ്?"

"ഓ, അണ്ണനൊന്ന് ചുമ്മാതിരി, തമാശപറയാതെ."

അക്ഷരനഗരിക്കാരന് ചിരിക്കാൻ വ്യായാമം വേണ്ടിവരുമെന്ന് അണ്ണനറിയാമോ?

"എങ്കീ അണ്ണൻ പറയുന്നത് കേള്, ഇതാണ് നമ്മുടെ വില്ലകള്-എന്തര്!"

"അണ്ണാ..."

"പേടിയ്ക്കണ്ടപ്പീ. ഗൾഫിലും അമേരിക്കായിലും ഇന്ത്യയിലുമൊക്കെയിരുന്നോണ്ട് ചുമ്മാ സമ്പാദിച്ചു കൂട്ടുന്നവരില്ലേടേയ്, അവര് വാങ്ങിക്കൂട്ടുന്നതാണ് ഇത്."

"അപ്പം അവന്മാര് താമസിക്കത്തില്ല്യോ അണ്ണാ?"

“എടേയ്, അവര് അമേരിക്കയിലും ഇന്ത്യയിലുമൊക്കെയാണെന്ന് പറഞ്ഞില്ലേ, എന്തര് നീ പൊട്ടനാ!”

കേട്ട വിവരങ്ങൾവെച്ചുകൊണ്ട് ഇത്തരം വിലകൂടിയ വില്ലകളിലൊന്നിൽ താമസിക്കുവാനുള്ള വരുമാനം അണ്ണനേപ്പോലൊരാൾക്കുണ്ടെന്നു പറഞ്ഞാൽ എനിക്കു വിശ്വസിക്കാൻ പറ്റില്ല. പക്ഷെ, എന്നിട്ടും അത് സംഭവിച്ചിരിക്കുന്നു. എന്നുമാത്രമല്ല, ഭാഷാശുദ്ധി ഉണ്ടെന്നല്ലാതെ മറ്റൊരു മികവും അവകാശപ്പെടാനില്ലാത്ത കേവലം ഒരു കൂലിയായ എന്നെ കൂടെ താമസിപ്പിക്കാനും തയ്യാറായിരിക്കുന്നു! ശ്രീപത്മനാഭന്റെ ബിനാമിയായ മഹാരാജാവ് തിരുമനസ്സുകള്കൊണ്ട് ഭരിച്ചിരുന്ന രാജ്യത്തിലോട്ട് ജനാധിപത്യത്തിന്റെ റോഡ്റോളർ വിന്യസിച്ച തെക്കൻതിരുവിതാംകൂറുകാരന്റെ വൈഭവം ഓർക്കാതെ വിലകുറച്ച് കണ്ടതിന് ഞാൻ എന്നെതന്നെ പഴിച്ചു. അണ്ണാ നമിക്കുന്നു.

അണ്ണൻ വ്യവസ്ഥകളിലേക്കു പ്രവേശിച്ചു. സഹമുറിയന്മാരാവുമ്പോൾ പരസ്പരം എല്ലാം അറിയേണ്ടിയിരിക്കുന്നു. അത് മുന്നോട്ടുള്ള സുഗമമായ നീക്കത്തിന് ഇരുവരേയും സഹായിക്കും.

“അപ്പീ, അണ്ണന്റെ പണികള് രാത്രിയാണ്. ഇരുട്ടിയതിനുശേഷം അണ്ണനങ്ങ് പോകും. വെളിച്ചംവീഴുംമുമ്പ് തിരിച്ചെത്തും.”

“എന്നതാ ജോലി?”

“എടേ രാത്രിയിലെന്തര് ജ്വാലികള്-മോഷണങ്ങള് തന്നെടേയ്. അപ്പൊ നീയെന്തര് ചെയ്യണത്. ഇരുട്ട് വീണുകഴിയുമ്പം വരാം, വെളിച്ചംവീഴുംമുമ്പ് ഒഴിയണം. മനസ്സിലായോടെയ്?”

“നല്ല രസമൊണ്ട് കേൾക്കാൻ, പറ.”

“എടേയ് ഞാൻ കഥകള് പറയുന്നോ രസങ്ങള് വരാനേക്കോണ്ട്. അപ്പം ഞാൻ പറഞ്ഞതെന്തര്, അണ്ണൻ വരുമ്പം നീ പോകണം, നീ ഇരുട്ടിവരുമ്പം അണ്ണൻ പോകും.”

“അതെനിക്കു മനസ്സിലായി കേട്ടോ. വീട്ടി ഇരുപത്തിനാലുമണിക്കൂറും ആളൊണ്ടാകും. പാതി ഞാനും പാതി അണ്ണനും. അല്ല്യോ?”

സൂര്യചന്ദ്രൻമാരെ പകുത്തുകൊണ്ട് ജീവിക്കുന്ന ഭൂമിയേപ്പോലെ ഇവിടെയിതാ രണ്ട് സ്വതന്ത്രഗ്രഹങ്ങൾകൂടി സൗരയൂഥത്തിൽ കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. നാസയുടെ സഹായമൊന്നും കൂടാതെ മറ്റൊരു വിനാശകരമായ കണ്ടെത്തൽ.

“അപ്പീ, അപ്പം അത് ശരിയായി. അതവിടെ നിക്കട്ട്, പിന്നൊരു കാര്യമൊള്ളത് പിന്നിലെ വാതിൽ തുറന്നാണ് അകത്ത് കയറിപ്പറ്റണത്-എന്തര്?”

“ഓ. ശരിയണ്ണാ.”

“പോകണോംന്നൊണ്ടെങ്കിൽ അത് പൂട്ടിയിട്ടുവേണം പോകാൻ.”

“പൂട്ടിയേച്ചും മറ്റുമേ പോവത്തൊള്ളൂ.”

“നാട്ട്കാര് നോക്കിനിക്ക്മ്പം നീ വാതിലും പൂട്ടി എറങ്ങാൻ പോകണാ, എടേയ് നീ എന്തര് പൊട്ടനാ!”

“പാടില്ലേ?”

“എടേയ്, നമ്മള് ഒളിച്ചല്ലേ താമസിക്കണത്.”

“ഓ, അപ്പം നമ്മള് വാടകക്കല്ലേ താമസിക്കുന്നത്?”

“അണ്ണൻ ഒളിച്ചാണ് താമസിക്കണത്. പക്ഷെ, നീ വാടകതന്നിരിക്കണം-സമ്മതങ്ങള്തെന്നേ?”

“ഓ, തന്നേക്കാമെന്നേ.”

“എടേയ്, ഹൃദയത്തിൽ മെമ്മറികാർഡുകള് എന്നും ഒണ്ടായിരിക്കണം-കേട്ടാ?”

“മെമ്മറികാർഡോ!”

“അപ്പീ അതുണ്ടെങ്കിലാണ് സ്മരണകള് വരണത്-എന്തര്? എടേയ്. ഈ അണ്ണൻ ഇല്ലേൽ നീ ഇല്ല-മനസ്സിലായാ?”

“ഓ.”

“എങ്കീ ചുമ്മാ വലത് കാലുകള് വെച്ച് കേറടേയ്, ഐശ്വര്യങ്ങള് ക്യേറിവരട്ട്.”

അങ്ങനെയായിരുന്നു തുടക്കം. ഒരു നല്ല കള്ളന്റെ കണിശതയും കൃത്യതയും പുലർത്തിയിരുന്നു അണ്ണൻ. ഒരിക്കലും സൂര്യവെളിച്ചത്തിൽ ഞങ്ങളിരുവരും ആ മുറ്റം ചവിട്ടിയില്ല. അണ്ണൻ മോഷണത്തിനും ഞാൻ എന്റെ പണിക്കും പോകാത്ത അപൂർവ്വദിവസങ്ങളിൽ ഞങ്ങളിരുവരും അടഞ്ഞ കെട്ടിടത്തിൽ നിന്നും പുറത്തിറങ്ങാതെ ജീവിതത്തിന്റെ നിരർത്ഥകതയേക്കുറിച്ച് പറഞ്ഞ് പരസ്പരം ചിരിച്ചുകുഴമറിഞ്ഞു. ആഹാരം അതിനകത്ത് പാകം ചെയ്തിരുന്നില്ല. എന്നുമാത്രമല്ല, ഒരു കുഞ്ഞുമെഴുകുതിരിപോലും പാഴാക്കിയിരുന്നില്ല. സ്വന്തം പണിയുടെ പരിചയത്താൽ അത് അണ്ണന് എളുപ്പത്തിൽ സാധിക്കുമായിരുന്നു. ആദ്യമൊക്കെ ഞാനാണ് കുഴങ്ങിയത്. എന്നാൽ, പോകെപ്പോകെ വെളിച്ചം ദുഃഖമാണുണ്ണീ എന്ന പ്രത്യയശാസ്ത്രം എനിക്കും വഴങ്ങി. കെട്ടിടത്തിനകത്തെ ഒരൊറ്റ ഫർണ്ണിച്ചറിലും ഞങ്ങൾ തൊട്ടില്ല. തറയിൽ തുണിവിരിച്ച് ശുദ്ധഗാംഭീര്യമാർന്ന ഇരുട്ടിലായിരുന്നു ഉറങ്ങിയത്. അതുകൊണ്ട് കൊച്ചിയിലെ കൊതുകിൻപിള്ളാർക്ക് ഞങ്ങളെ കാണാൻപോലും ഒത്തില്ല.

പുറത്തെ ബൾബുകൾ എന്നോ തുടങ്ങിവെച്ച ഒരാചാരംപോലെ പകൽനേരത്തുപോലും കെടാവിളക്കായി കത്തിയെരിഞ്ഞുകൊണ്ടിരുന്നു. അതിൽ ചിലവ ഫ്യൂസ് ആകുന്ന അവസരത്തിൽ അതുപോലൊന്ന് ഞങ്ങൾ റീഫിറ്റ് ചെയ്തുവന്നു. ഇനി അതുചെയ്യാനായി കെട്ടിടത്തിന്റെ കെയർടേക്കർമാർ ആരെങ്കിലും വന്നെങ്കിലോ എന്നതുകൊണ്ടാവാം ഞങ്ങളത് കൃത്യമായി ചെയ്തുപോന്നിരുന്നത്. പക്ഷെ, ആരു വരാൻ! ഒരുവേള എല്ലാ ബൾബുകളും എരിഞ്ഞുതീർന്നെങ്കിൽപോലും ആരും വരില്ലായിരുന്നു എന്നുതോന്നുന്നു. കെട്ടിടത്തിന് ഉടമയായി ആരെങ്കിലും ഉണ്ടെന്നുപോലും അണ്ണൻ മറന്നുപോയിരുന്നു. സത്യത്തിൽ ആ മറവി ഏറെക്കഴിയാതെ എന്നെയും പിടികൂടി.

എങ്കിലും ഉപയോഗിക്കുന്നയിടം തുടച്ചുവൃത്തിയാക്കുകയല്ലാതെ മറ്റൊരു മാറ്റവും വരാതിരിക്കാൻ അറിയാതെ ഞങ്ങൾ ശ്രദ്ധിച്ചിരുന്നു. കാമുവിന്റെ ഔട്ട്സൈഡർമാർ, മഹത്തായ ഭാരതീയസംസ്കാരത്തിനകത്തെ മഴുത്തായയുടെ ബലമുണ്ടായിരുന്ന ആനന്ദതുരീയസ്വാമിമാർ തുടങ്ങി ഭൂമിയെ ഇത്തരത്തിൽ കണ്ടിരുന്ന സമശീർഷരെ ശീർഷാസനത്തിലിരുന്നുകൊണ്ട് ഞാൻ ഓർത്തുപോയി.

എന്നാൽ, ആ മഹാമറവിയിൽ തുടർന്നുപോകുകയാണെങ്കിൽ എന്തോന്ന് കഥ? എന്തോന്ന് ജീവിതം? ഒരു കൈയിൽ മരണവുമെടുത്തുപിടിച്ച് ജീവിതത്തിനിടക്ക് ഒ.ഹെൻട്രിയേപ്പോലെ ട്വിസ്റ്റ് കയറിവരുമ്പോഴാണല്ലൊ കഥ വിരിയുന്നത്.

അന്നൊരുനാൾ ചിലപ്പോഴെല്ലാം സംഭവിക്കാറുള്ളതുപോലെ അണ്ണൻ പുറത്തായിരുന്നു. പാലക്കാട്ട് വണ്ടിത്താവളമെന്ന സ്ഥലത്തോ മറ്റോ ഒരു ഭവനഭേദനം നടത്താൻ അബ്രുവിന് തുണയായി, വിക്രമാദിത്യന് വേതാളമെന്നകണക്കിന് പോയതായിരുന്നു പുള്ളി. രണ്ടുദിവസം എന്നു പറഞ്ഞ് പോയ പുള്ളി നാലുദിവസമായിട്ടും തിരികെവന്നില്ല. വെറും പുള്ളിയായിപ്പോയവൻ ജയിൽപ്പുള്ളിയായിമാറുമോ എന്നായിരുന്നു എന്റെ പേടി.

സത്യംപറഞ്ഞാൽ അണ്ണനില്ലാതെ ആ വില്ലയിൽ കഴിയുന്നത് സുഖമുള്ള കാര്യമല്ല. അതിക്രമിച്ചുകയറിയവന്റെ പിടിക്കപ്പെടുന്നതുവരെയുള്ള മനഃസ്തോഭമുണ്ടല്ലൊ, അതെന്നെ വല്ലാതെ ബാധിക്കും. ഉടമയോടൊപ്പം താമസിക്കുന്നതിന്റെ ഒരു സുഖം, വാടക പതിവായി ഏല്പിക്കുന്നതുകൊണ്ടാണോ എന്നറിയില്ല, അണ്ണനോടൊപ്പം കഴിയുമ്പോൾ ഞാൻ അനുഭവിച്ചിരുന്നു. നിങ്ങൾ ഒരു വേശ്യയെ പതിവായി പല ദിവസങ്ങൾ വീട്ടിൽ പാർപ്പിക്കുന്നു എന്നു കരുതുക. കുറച്ചുകഴിയുമ്പോൾതോന്നും അവൾ നിങ്ങളുടെ ഭാര്യയാണെന്ന്. നിങ്ങൾക്ക് കുറ്റബോധം തോന്നുകയേയില്ല. ഇതിനെയാണ് ആപേക്ഷികതാസിദ്ധാന്തം എന്നു പറയുന്നത്.

അണ്ണനെ ഒരു കള്ളനായി കാണുക എനിക്കു പ്രയാസംതന്നെ. കളവുമുതൽ ഒരിക്കൽപ്പോലും അയാൾ മുറിയിൽ കൊണ്ടുവന്നിട്ടില്ല. വീട്ടിൽനിന്നും പുറത്തിറങ്ങുമ്പോൾ എങ്ങനെയുമായിക്കൊള്ളട്ടെ, കുളിച്ച് ശുദ്ധമായി മാത്രം തിരിച്ചുകയറുന്ന ചില പ്രത്യേകയിനം വേശ്യകളേപ്പോലെയായിരുന്നു അണ്ണൻ. ഒരു വത്തിക്കാനായിമാറി അയാളെ പരിശുദ്ധനായി പ്രഖ്യാ

പിക്കുകയാണെന്ന് ആരും സംശയിക്കരുതേ. കളവുമുതൽ എത്തിക്കേണ്ടിടത്ത് എത്തിച്ച്, പ്രതിഫലവും പറ്റി, മിക്കവാറും എനിക്കുകൂടിയുള്ള ആഹാരം പൊതിഞ്ഞുവാങ്ങിയിട്ടാവും അയാളുടെ വരവ്. അന്നദാതാവിനെ നാം എന്താണ് സംബോധനചെയ്യണ്ടത്, കള്ളനെന്നോ!

അണ്ണൻ പോയതിന്റെ നാലാംദിവസം ഇരുട്ടുവീഴുന്നതിനുമുമ്പ് എങ്ങനെയോ ഞാൻ വില്ലക്കുമുന്നിലെത്തി. ഇരുട്ടാതെ കയറാൻ പാടില്ലെന്ന സുവിശേഷം അകത്തുണ്ടായിരുന്നതുകൊണ്ട് ചുമ്മാ റോഡിലൂടെ അങ്ങോട്ടുമിങ്ങോട്ടും അറ്റംവരെ നടന്നു. അപ്പോൾ വില്ലക്കുമുന്നിൽ ഒരോട്ടോറിക്ഷ വന്നുനിന്നു. ഒരു ജുബ്ബാക്കാരനും നാലഞ്ചുപണിക്കരും പുറത്തിറങ്ങി. നോക്കിനില്ക്കുമ്പോൾ ജുബ്ബാക്കാരൻ ഗെയിറ്റ് തുറന്നു. പണിക്കാർ ഒരു ഇരുമ്പുബോർഡും, അതു സ്ഥാപിക്കാനുള്ള കാലും പുറത്തിറക്കി മുറ്റത്തെത്തിച്ചു. അവരത് ക്ലാമ്പിട്ട് മുറുക്കി, മുറ്റത്ത് സ്ഥാപിക്കാനുള്ള ഒരുക്കമായിരുന്നു. ഇത് നടക്കുമ്പോൾ ജുബ്ബാക്കാരൻ കെട്ടിടമാകെ ഒരു വട്ടമൊന്ന് ചുറ്റിയടിച്ചു. ഒരു പൂട്ടും ആരും തുറന്നിട്ടില്ലെന്നുറപ്പുവരുത്തി. അകത്തേക്കുകയറി പരിശോധിക്കാൻ ഉദ്ദേശിച്ചതായി തോന്നിയില്ല. പരിശോധിച്ചാൽപോലും ഞങ്ങളുടേതായി ഒരു കീറുതുണിപോലും എങ്ങും കിട്ടില്ലായിരുന്നു. ഓരോ ദിവസവും ഉപയോഗിച്ച തുണിയും ഉപയോഗിക്കാനിരിക്കുന്ന തുണിയുമൊക്കെ വേറെവേറെ സഞ്ചികളിലാക്കി ഞങ്ങൾ മറച്ചുവെച്ചിരുന്നു. കള്ളനേക്കാൾ കളവറിയുന്ന പോലീസിനു വേണമെങ്കിൽ തപ്പിയെടുക്കാമെന്നല്ലാതെ സാധാരണമനുഷ്യർക്ക് അതു സാദ്ധ്യമല്ല എന്നുറപ്പുതരാം.

ബോർഡ് സ്ഥാപിച്ച് അവർ ഓട്ടോവിൽ മടങ്ങിപ്പോയപ്പോഴേക്കും ഇരുട്ടുവീണു. ഞാൻ അകത്തുകടന്ന് നനുത്ത വെളിച്ചത്തിൽ, ബോർഡു വായിച്ചു. അതിൽ ഇങ്ങനെ എഴുതിയിരിക്കുന്നതാണ് കണ്ടത്: 'വീടും സ്ഥലവും വില്പനക്ക്.' സപ്തനാഡികൾ എന്നും മറ്റും കേട്ടിട്ടേയുള്ളു, ആയത് സുലഭമായി തളർന്നുപോയതായി എനിക്കു തോന്നി. ഇതൊരു ഗൗരവതരമായ രചനയായിരുന്നെങ്കിൽ വിശദീകരണ കുട്ടിക്കരണംമറിച്ചിലോ, ധാരാളം ഇമേജറികളോ ഒക്കെ ആവാമായിരുന്നു. എഴുതുന്നത് ഹാസ്യത്തിലായാൽ പോകുന്നത് എന്റെ തലയാണെങ്കിൽപോലും നിങ്ങൾ നിസ്സാരമായി ചിരിച്ചുകളയുമല്ലൊ.

സംഭവിച്ചിരിക്കുന്നത് സത്യത്തിൽ സ്വത്വപ്രതിസന്ധിയാണെന്ന് മനസ്സിലായല്ലൊ, തല്ക്കാലം അതുമതി.

ശ്രീത്വം രണ്ടുവട്ടമായിട്ടും പരിപൂർണ്ണസ്വാമിയാവാത്തതുപോലെ രണ്ടുവട്ടം കിടന്നിട്ടും എനിക്ക് ഉറക്കംവന്നില്ല. ആകെയൊരു എരിപൊരി. ഈ മൂച്ചിന് യൂറോപ്യൻ യൂണിയനിൽപ്പോയി ഇന്ത്യൻ ദാരിദ്ര്യത്തെപ്പറ്റി ഭജനപാടാൻ തോന്നി. അവയവഘടനകൾക്ക് സ്ഥാനചലനം. വാ തുറക്കുമ്പോൾ മൂക്കടയുന്നു, കണ്ണടക്കുമ്പോൾ അടയുന്നത് ചെവിയാണ്... ഗൗരവരചനയിലെ പാത്രങ്ങൾ മാത്രമല്ല, ഹാസ്യരചനയിലെ അവശപാത്രങ്ങളും പീഡിതർ തന്നെയാണെന്ന് നിരൂപകക്കുഴൽവിളിക്കാരും ശിങ്കാരിമേളക്കാരും അറിഞ്ഞാൽ നന്ന്.

നാലാംദിവസം പതിവിനു വിപരീതമായി അണ്ണൻ ഇരുട്ടുവീണപ്പോൾ കയറിവന്നു. അതോടെ എന്റെ എരിപൊരിക്ക് അയവായി. പകരമായി എന്തിനെന്നറിയാത്ത ഒരാവേശം ബാധിച്ചു.

ഞാൻ കാര്യം വിശദീകരിച്ചു. അതുകേട്ടപാട് അണ്ണനങ്ങ് ദേഷ്യംകൊണ്ട് വിറക്കാൻ തുടങ്ങി. ആദ്യമായി ആ വീട്ടിനകത്ത് അയാളുടെ ശബ്ദം ഉയർന്നു.

"ലവരെന്തെരെടേ എഴുതിയേക്കുന്നത്?"

"സ്ഥലം വില്പനക്ക്-എന്നാണ്."

"അത് അവരെങ്ങനെ നിശ്ചയിക്കണത്. ഇതെന്തര് വെള്ളരിക്കാപ്പട്ടണങ്ങളാ!"

"അണ്ണാ..."

"ചുമ്മാ ഇരിക്കീൻ. ഇതെന്തര് പോക്രിത്തം കാണിക്കണാ! ചോദിക്കാനാളില്ലെന്നു വിചാരിച്ചാ..."

അണ്ണൻ എരിപൊരിയായി വില്ലയിലാകെ വിറച്ചുനടന്നു. പിന്നെ അതേ മൂച്ചിന് ടൗണിൽപ്പോയി. കുറേ ബൾബുകൾ വാങ്ങിവന്നു. വില്ലയിലെല്ലായിടത്തും ബൾബുകൾ സ്ഥാപിച്ചു. എല്ലാ ജനലുകളും തുറന്നിട്ട് അവർക്ക് തിരികൊളുത്തി. വലിയൊരു കസേരയെടുത്ത്, മുൻവ

ശത്തെ വാതിൽ തുറന്നിട്ട്, പോർട്ടിക്കോവിൽ സ്ഥാപിച്ചു. എന്നിട്ടതിൽ ചാരി ഞെളിഞ്ഞിരുന്നു കൊണ്ട് അകത്തേക്കു നോക്കി എന്നെ വിളിച്ചു.

"എടേയ്..."

ഉൾഗ്രാമത്തിലെ ഭാര്യയേപ്പോലെ ഞാൻ വാതിൽപ്പാതി മറഞ്ഞുനിന്ന് 'ഓ' എന്ന് വിളികേട്ടു.

"എടേയ്, നിനക്ക് ബോർഡുകൾ എഴുതാനറിയാമോടേയ്?"

"ഓ."

"എങ്കീ പെയിന്റ് അണ്ണൻ തരും. ആ ബോർഡ് മായ്ച്ച്കളഞ്ഞ് അണ്ണൻ പറയുന്നതെഴുത്."

"എന്താ അണ്ണാ?"

"അതിക്രമിച്ച് കടക്കുന്നവന്മാർ ശിക്ഷിക്കപ്പെടുമെന്ന്-അതിന് ഇംഗ്ലീഷിൽ എന്തരാണ് പറയണത്?"

"ട്രസ്പാസേഴ്സ് വിൽ ബി പ്രോസിക്യൂട്ടഡ്."

അതുകേട്ട് ആനക്കസേരയിൽ അമർന്നിരുന്നുകൊണ്ട് നടൻ ബാലൻ കെ. നായരേപ്പോലെ അണ്ണൻ 'ഹ ഹ ഹ' എന്ന് ഉഗ്രമായി ചിരിച്ചു.